ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:10-04-2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു സ്ലൊവാക്യയിൽ; ഇന്ന് ഇന്ത്യ-സ്ലൊവാക്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യും.

2. തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ; ത്രിതല പഞ്ചായത്തുകളിലെ കെ-സ്മാർട്ട് പദ്ധതി വിന്യാസം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

3. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കേരളം രാജ്യത്ത് ഒന്നാമതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവൂർ റാണയെ ഇന്ന് ഇന്ത്യയിലെത്തിക്കും.

5. സംസ്ഥാനത്ത് സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾക്ക് ഇന്ന് തുടക്കം.

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ബംഗളൂരു - ഡൽഹി പോരാട്ടം.

**************************************************

RNU TVPM

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സ്ലൊവാക്യൻ സന്ദർശനം തുടരുന്നു. ഇന്ന് നൈട്ര സർവ്വകലാശാലയിൽ നടക്കുന്ന ഇന്ത്യ-സ്ലൊവാക്യ ബിസിനസ് ഫോറത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. ഒപ്പം ജാഗ്വാർ - ലാൻറ് റോവർ ഫാക്ടറിയും രാഷ്ട്രപതി സന്ദർശിക്കും. പോർച്ചുഗൽ സന്ദർശനത്തിന് ശേഷം ഇന്നലെയാണ്

രാഷ്ട്രപതി സ്ലോവാക്യയിലെത്തിയത്. ദ്വിരാഷ്ട്ര സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ഇന്ന് ഇന്ത്യയിലേയ്ക്ക് മടങ്ങും.

*************************************************************************

## കെ-സ്മാർട്ട് (ഇൻട്രോ)

RNUTVPM

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈൻ ആകുന്നത് ജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെ-സ്മാർട്ട് ത്രിതല പഞ്ചായത്തുകളിലേയ്ക്ക് വിന്യസിക്കുന്ന സംവിധാനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ജനങ്ങൾ സർക്കാർ ഓഫീസുകളിലേയ്ക്ക് എത്താതെ തന്നെ അവശ്യ സേവനങ്ങൾ വീട്ടിലിരുന്ന് ലഭ്യമാകുമെന്നത് വലിയ മാറ്റമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് - വോയിസ്)

ജനന-മരണ വിവാഹ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ കെ-സ്മാർട്ട് വഴി ഇനി അതിവേഗം ലഭ്യമാകും. വിവിധ വകുപ്പുകളിലെ വിവരങ്ങളുടെ സംയോജനവും ഇതുവഴി യാഥാർത്ഥ്യമാകും.

*************************************************************************

## പാസിംഗ് ഔട്ട് - മുഖ്യമന്ത്രി

സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിൽ രാജ്യത്ത് ഏറ്റവും മികച്ച പ്രകടനമാണ് കേരളാ പോലീസ് കാഴ്ചവയ്ക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കുറ്റകൃത്യം ചെയ്ത നാട് വിടുന്നവരെ അതിവിദഗ്ദ്ധമായി പിടികൂടാൻ കേരളം പോലീസിനാകുന്നത് അഭിനന്ദനാർഹമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തിരുവനന്തപുരം പേരൂർക്കട S.A.P ക്യാമ്പിൽ കോൺസ്റ്റബിൾമാരുടെ സംയുക്ത പാസിംഗ് ഔട്ട് പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

************************************************************

## ലഹരി - സർവ്വകക്ഷി യോഗം

സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പെയ്ൻ ശക്തിപ്പെടുത്തുന്നതിൻ്റെ ഭാഗമായി ഈ മാസം 17 ന് സംസ്ഥാന സർക്കാർ സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തു. ഇതിനു മുന്നോടിയായി 16 ന് മതമേലദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ചുചേർക്കും. ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി മാർച്ച് 31 വരെ 12,760 കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തത്.

************************************************************

## സപ്ലൈകോ

സംസ്ഥാനത്ത് സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾക്ക് ഇന്ന് തുടക്കം. മന്ത്രി ജി.ആർ.അനിൽ തിരുവനന്തപുരത്ത് വൈകിട്ട് 5.30 ന് ഫെയറുകളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. ഈ മാസം 19 വരെ എല്ലാ താലൂക്കുകളിലെയും

RIJU TVPM

പ്രധാന വിൽപനശാല കേന്ദ്രീകരിച്ചാണ് ഫെയർ ക്രമീകരിച്ചിരിക്കുന്നത്. കൺസ്യൂമർഫെഡിൻറെ വിഷു - ഈസ്റ്റർ സഹകരണ ചന്തകൾ നാളെ മുതൽ ഈ മാസം 21 വരെ തുറന്ന് പ്രവർത്തിക്കും.

****************************************************************

## പോക്സോ കേസ്

കേരളത്തിൽ പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ മന്ത്രിസഭായോഗ തീരുമാനം. ഇതിനായി 304 തസ്തികകൾ സൃഷ്ടിക്കും.

****************************************************************

## മന്ത്രിസഭ നാലാം വാർഷികം

സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങൾക്കു ഏപ്രിൽ 21-ന് കാസർകോഡ് തുടക്കമാകും. എല്ലാ ജില്ലകളിലും നടക്കുന്ന ജില്ലാതല യോഗങ്ങളിൽ മുഖ്യമന്ത്രി പങ്കെടുക്കും. പ്രദർശന വിപണന മേളകൾ ഉൾപ്പെടെ വിപുലമായ പരിപാടികളോടെ നടത്തുന്ന വാർഷികാഘോഷങ്ങൾ മെയ് 30 ന് തിരുവനന്തപുരത്ത് സമാപിക്കും.

RNU TVPM

****************************************************************

## ആശാവർക്കർമാരുടെ സമരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ ആശാവർക്കർമാർ നടത്തുന്ന സമരം 60-ാം ദിവസത്തിൽ. ഇതോടനുബന്ധിച്ചുള്ള നിരാഹാര സമരം 22-ാം ദിവസത്തിലേയ്ക്കും കടന്നു. കേരളം ആശമാരോടൊപ്പം എന്ന പേരിൽ ഈ മാസം 12 ന് പൗരസംഗമം

സംഘടിപ്പിക്കുമെന്നും സർക്കാർ ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ സമരം തുടരുമെന്നും ആശാ സമര നേതാക്കൾ ഇന്ന് നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

**************************************************************

## തഹാവൂർ റാണ

2008-ലെ മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവൂർ റാണയെ ഇന്ന് പ്രത്യേക വിമാനത്തിൽ ഇന്ത്യയിൽ എത്തിക്കും. ഇത് കേന്ദ്ര സർക്കാരിൻറെ നയതന്ത്ര വിജയമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

**************************************************************

## അമ്പലമുക്ക് കൊലക്കേസ് വിധി

RNUTVPM

തിരുവനന്തപുരം അമ്പലമുക്കിലെ അലങ്കാരച്ചെടി വിൽപ്പനശാലയിലെ ജീവനക്കാരി വിനീതയെ കൊലപ്പെടുത്തിയ കേസിൽ പ്രതി രാജേന്ദ്രൻ കുറ്റക്കാരൻ. തിരുവനന്തപുരം ഏഴാം അഡീഷണൽ ജില്ലാ സെഷൻസ് കോടതിയാണ് കേസിൽ ഇയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തിയത്. 2022 ഫെബ്രുവരിയിലായിരുന്നു കേസിന് ആസ്പദമായ സംഭവം. കന്യാകുമാരി തോവാള സ്വദേശിയായ രാജേന്ദ്രൻ മാല കവരുന്നതിനിടെ, വിനീതയെ കൊലപ്പെടുത്തുകയായിരുന്നു.

**************************************************************

## കണ്ണൂർ (ഇൻട്രോ)

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പെയ്ൻ മാലിന്യ സംസ്കരണത്തിൽ സംസ്ഥാനത്തെ മികച്ച പ്രവർത്തനത്തിനുള്ള പുരസ്കാരം കണ്ണൂർ ജില്ലയ്ക്ക്.

ഹരിത ശുചിത്വ- മാലിന്യ സംസ്കരണ മേഖലകളിൽ കണ്ണൂർ ജില്ല നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് ഹരിത കേരള മിഷൻ ജില്ലാ കോഡിനേറ്റർ ഇ.കെ.സോമശേഖരൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

*******************************************************

RNU TVPM

## പൈങ്കുനി ഉത്സവം

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് നടക്കും. സുന്ദരവിലാസം കൊട്ടാരത്തിനു മുന്നിൽ തയ്യാറാക്കുന്ന വേട്ടക്കളത്തിലാണ് പള്ളിവേട്ട. നാളെ വൈകുന്നേരം അഞ്ച് മണിയോടെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും.

*******************************************************

## തിരുവനന്തപുരം വിമാനത്താവളം

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ അടച്ചിടും. വൈകിട്ട് 4.45 മുതൽ രാത്രി ഒമ്പത് മണിവരെയാണ് അടച്ചിടുക. ഈ സമയത്തുള്ള ആഭ്യന്തര, രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

*******************************************************

## ശബരിമല

പൈങ്കുനി ഉത്രം ഉത്സവത്തിൻറെ ഭാഗമായി ശബരിമലയിൽ ഇന്ന് പള്ളിവേട്ട നടക്കും. ശ്രീഭൂതബലി, വിളക്കെഴുന്നള്ളിപ്പ് എന്നിവ പൂർത്തിയാക്കിയാണ് പള്ളിവേട്ടയ്ക്ക് പുറപ്പെടുക. പമ്പയിൽ നാളെ ആറാട്ടും നടക്കും.

************************************************************

## സ്വർണം

സ്വർണവിലയിൽ വൻ വർധന. ഗ്രാമിന് 270 രൂപ വർധിച്ച് 8,560 രൂപയും പവന് 2,160 രൂപ വർധിച്ച് 68,480 രൂപയുമാണ് ഇന്നത്തെ വില.

************************************************************

## കണിവെള്ളരി (ഇൻട്രോ)

RNU TVPM

കോഴിക്കോട് പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാമിലെ കണിവെള്ളരി വിളവെടുപ്പ് നാടിൻറെ ഉത്സവമായി. പ്രത്യേകമായി കാണുന്ന ഉരുണ്ട ആകൃതിയിലുള്ള കണിവെള്ളരിയാണ് അര ഏക്കർ സ്ഥലത്ത് നിന്ന് വിളവെടുത്തത്.

ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബുവിൻറെ റിപ്പോർട്ട്...**

(വോയിസ്)

************************************************************

## ഐ.എ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരു , ഡൽഹി ക്യാപിറ്റൽസുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ പരാജയപ്പെടുത്തി ഗുജറാത്ത് ടൈറ്റൻസ് പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി.

***************************************************

## സർഫിംഗ്

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവലിൻറെ രണ്ടാം പതിപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച വരെ വർക്കലയിലാണ് ഫെസ്റ്റിവൽ നടക്കുന്നത്. വിവിധ വിഭാഗങ്ങളിലായി 60-ൽപ്പരം മത്സരാർത്ഥികൾ പങ്കെടുക്കും

***************************************************

## സൂപ്പർ കപ്പ് ഫുട്ബോൾ

ഭുബനേശ്വറിൽ ആരംഭിക്കുന്ന സൂപ്പർ കപ്പ് ഫുട്ബോൾ ടൂർണമെൻറിൽ ISL ടീമുകൾക്കൊപ്പം, ഐ ലീഗിലെ ഗോകുലം കേരള എഫ്.സിയും, പങ്കെടുക്കും. ഈ മാസം 20 ന് നടക്കുന്ന ആദ്യ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും.

RNU TVPM

***************************************************

## മഴ

സംസ്ഥാനത്ത് ഇന്നും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. കന്യാകുമാരി തീരത്ത് ഇന്ന് ഉച്ചവരെ കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

***************************************************

## മോക്ക് ഡ്രിൽ

ദേശീയ -സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സംയുക്തമായി നാളെ സംസ്ഥാനത്ത് മോക്ക് ഡ്രിൽ സംഘടിപ്പിക്കും. ചുഴലിക്കാറ്റിൻറെയും അനുബന്ധ ദുരന്തങ്ങളുടെയും തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായാണ് 12 ജില്ലകളിലെ തിരഞ്ഞെടുത്ത 24 സ്ഥലങ്ങളിൽ ഒരേ സമയം മോക്ക്ഡ്രിൽ സംഘടിപ്പിക്കുന്നത്.

************************************************************

## പുറ്റിങ്ങൽ വെടിക്കെട്ട്

ഇന്ന് പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിൻ്റെ ഒൻപതാം ഓർമ്മദിനം. 2016 ഏപ്രിൽ പത്തിനു നടന്ന കേരളത്തെ നടുക്കിയ ദുരന്തത്തിൽ 110 പേർ മരിക്കുകയും, 650 ലേറെപ്പേർക്ക് പരിക്കേൽക്കുകയും, നിരവധിപ്പേർക്ക് അംഗവൈകല്യം സംഭവിക്കുകയും ചെയ്തു . കേസിൽ 2020 ഒക്ടോബറിൽ കുറ്റപത്രം സമർപ്പിച്ചു . കൊല്ലം കോടതിയാണ് നിലവിൽ കേസ് പരിഗണിക്കുന്നത്. ഈ മാസം അവസാനം കേസ് വീണ്ടും വിളിക്കും.

RNU TVPM

************************************************************

## കട്ടപ്പന കുറ്റപത്രം

കട്ടപ്പനയിലെ നിക്ഷേപകൻ സാബുവിന്റെ ആത്മഹത്യയിൽ പോലീസ് കട്ടപ്പന കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. കട്ടപ്പന റൂറൽ ഡെവലപ്മെൻറ് സഹകരണ സൊസൈറ്റി സെക്രട്ടറി, സീനിയർ ക്ലർക്ക്, ജൂനിയർ ക്ലർക്ക് എന്നിവരെ പ്രതി ചേർത്താണ് കുറ്റപത്രം സമർപ്പിച്ചത്. കഴിഞ്ഞ ഡിസംബർ 20 നാണ് സാബു ബാങ്കിനു മുന്നിൽ ആത്മഹത്യ ചെയ്തത്.

*********************************************

**************************************************************************************************************
*************

RNU TVPM